kerala God's Own Country · Better Together Kerala's Responsible Tourism Initiative

# കേരള റസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി
## വിനോദ സഞ്ചാരവകുപ്പ്
## പാർക്ക് വ്യൂ, തിരുവനന്തപുരം - 695033
## ഫോൺ : 0471 2334749

## സുവനീർ മത്സരത്തിനുള്ള അപേക്ഷ ഫോറം

ഫോട്ടോ പതിക്കുക

1. പേര് :.........................................................................
2. ലിംഗം : സ്ത്രീ ☐ പുരുഷൻ ☐ ഭിന്നലിംഗം ☐
3. ജനനതീയതി : ..............................പ്രായം..............................
4. ബന്ധപ്പെടേണ്ട വിലാസം :

   വീട്ടുപേര് : ..................................വീട്ടുനമ്പർ & തെരുവ് : ........................

   പോസ്റ്റോഫീസ് : ......................പിൻകോഡ് : ............ജില്ല: ........................

   പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ : ..........................................

   മൊബൈൽ നമ്പർ : ........................വാട്സ്ആപ്പ് നമ്പർ : ..........................

   ഇ-മെയിൽ വിലാസം : ......................................................................

5. സുവനീർ കാറ്റഗറി :

   a) '20x15 cm ☐

   b) '30x15 cm ☐

   c) Flat type ☐
6. സുവനീർ നിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റീരിയൽ : ..................................

   .....................................................................................
7. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സുവനീറിന്റെ വിഷയം:

   .....................................................................................

## <u>സത്യവാങ് മൂലം</u>

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ സുവനീർ നെറ്റ് വർക്ക് മത്സരത്തിലേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഞാൻ വായിച്ച് മനസിലാക്കിയതാണ്. മത്സരത്തിലേക്ക് ഞാൻ സമർപ്പിക്കുന്ന ഈ സുവനീർ ഞാൻ സ്വന്തമായി നിർമ്മിച്ചതാണ്. മത്സരത്തിലൂടെ ലഭ്യമാകുന്ന പ്രോഡക്ടിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുവാനും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിക്ക് അവകാശം ഉണ്ടായിരിക്കും എന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ പ്രസ്തുത മത്സരത്തിൽ ഞാൻ സമ്മാനർഹനായാൽ ഈ സുവനീർ കേരള റെസ്പോൺസിബിൾ ടൂറിസം മിഷന്റെ ഉടമസ്ഥതയിൽ നിർമ്മിക്കുന്നതിനോ വിപണനം ചെയ്യുന്നതിനോ എന്റെ ഭാഗത്തു നിന്നും മറ്റ് എതിർപ്പുകളോ കോടതി വ്യവഹാരങ്ങളോ ഉണ്ടാകുകയില്ലെന്ന് സത്യവാങ് മൂലം നൽകുന്നു

പേര് :

ഒപ്പ് :

സ്ഥലം :

തീയതി :

<u>*പൂർണ്ണമല്ലാത്ത അപേക്ഷ ഫോറം നിരസിക്കുന്നതാണ്*</u>

***നിബന്ധനകൾ***

1. അപേക്ഷകർ മത്സരത്തിനായി സമർപ്പിക്കുന്ന സുവനീറുകൾ കേടുപാടുകൾ കൂടാതെ സ്വന്തം ഉത്തരവാദിത്വത്തിൽ നേരിട്ടോ തപാൽ മുഖേനയോ ചുവടെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ 2024 ഫെബ്രുവരി 28 വൈകിട്ട് 4 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

*കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി*
*വിനോദ സഞ്ചാരവകുപ്പ്*
*പാർക്ക് വ്യൂ*
*തിരുവനന്തപുരം -695033*

2. അപേക്ഷ സമർപ്പിക്കുന്നയാൾ നിർബന്ധമായും ആധാർകാർഡ്/ഇലക്ഷൻ ഐഡി കാർഡ് അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കണം.

# കേരള സുവനീർ നെറ്റ്‌വർക്ക് മത്സര മാർഗ്ഗരേഖ

കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് യാത്രയുടെ ഓർമ്മക്കായി സ്മരണികയായി ശേഖരിച്ച സൂക്ഷിക്കുവാനുതകുന്ന പ്രാദേശിക തനിമയുള്ള സ്മരണികകള് (സുവനീറുകൾ)ലഭ്യമാക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പിന് വേണ്ടി ഉത്തരവാദിത്ത ടൂറിസം മിഷൻ കേരള സുവനീർ നെറ്റ്‌വർക്ക് എന്ന പദ്ധതി ലോഞ്ച് ചെയ്തിരിക്കുന്നു. നിലവിൽ കേരളത്തില് ലഭ്യമായിട്ടുള്ള പൊതുവായ സ്മരണികകൾക്ക് പുറമേ പുതുതായി സ്മരണികകള് രൂപപ്പെടുത്തുന്നതിനായി ഈ പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരു മത്സരം സംഘടിപ്പിക്കുന്നു.

പ്ലാസ്റ്റിക് പോലെ പരിസ്ഥിതിക്ക് ഹാനികരമാകുന്ന വസ്തുക്കള് ഒഴിവാക്കികൊണ്ട് തികച്ചും പരിസ്ഥിതി സൌഹൃദ വസ്തുക്കൾ കൊണ്ടുള്ളതും, കേരളത്തിൻറെ കല, സംസ്കാരം, എന്നിങ്ങനെ പ്രാദേശിക തനിമ ഉൾക്കൊള്ളുന്നതും, പൂർണ്ണത ഉള്ളതും, ആകർഷകമായതും ആയിരിക്കണം ഈ സ്മരണികകൾ. ദേശീയ അന്തർദേശീയ വിനോദ സഞ്ചാരികൾക്ക് അവരുടെ തിരിച്ചുള്ള യാത്രയില് കൂടെ കൊണ്ടുപോകാവുന്ന തരത്തിൽ ഉള്ളതുമായിരിക്കണം സ്മരണികകള് എന്നതിനാല് സ്മരണികയുടെ വലുപ്പം,ഭാരം എന്നിവ പ്രധാനമാണ്. ***ഒരു സ്മരണികയുടെ പരമാവധി ഭാരം 500 ഗ്രാമിൽ കൂടരുത്***. സ്മരണികയുടെ അളവുകൾ താഴെ പറയും വിധം ആയിരിക്കണം.

1. സൈസ് '20 x 15' സെ.മീ
2. '30 x 15 സെ.മീ',
3. ഫ്രെയിം ചെയ്യാവുന്ന തരത്തിൽ ഫ്ലാറ്റ് ആയിട്ടുള്ളവ

കേരള സംസ്ഥാനം പൊതുവിൽ പ്രതിനിധീകരിക്കുന്ന ആശയമോ, ഒരു പ്രത്യേക ജില്ല എന്ന ആശയമോ, ഒരു പ്രത്യേക പ്രദേശം എന്ന ആശയമോ സ്മരണിക നിർമ്മിക്കുന്നതിനുള്ള വിഷയമായി പരിഗണിക്കാവുന്നതാണ്. മത്സത്തിനായി സ്മരണിക സമർപ്പിക്കുമ്പോൾ ആയത് ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന വസ്തു/വസ്തുക്കൾ എന്താണ് എന്ന് കൃത്യമായി രേഖപ്പെടുത്തി നൽകിയിരിക്കണം. പ്രസ്തുത സ്മരണിക സംവദിക്കുന്ന വിഷയം/സ്മരണികയുടെ സ്റ്റോറി ചുരുക്കത്തിൽ രേഖപ്പടുത്തി നൽകണം.

കേരളത്തിൽ സ്ഥിര താമസമുള്ള മലയാളികൾക്ക് ആർക്ക് വേണമെങ്കിലും ഈ മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ ലഭിക്കുന്ന ഏതൊരു പ്രോഡക്ടിൻറെയും ഉടമസ്ഥാവകാശം ഉത്തരവാദിത്ത ടൂറിസം മിഷനായിരിക്കും. മത്സരത്തിലൂടെ ലഭ്യമാകുന്ന പ്രോഡക്ടിൽ ആവശ്യമെങ്കില് മാറ്റം വരുത്തുവാനും ഉത്തരവാദിത്ത ടൂറിസം മിഷന് അവകാശം ഉണ്ടായിരിക്കും.

മത്സരത്തിൽ ലഭ്യമാകുന്ന സ്മരണികകളില് ആദ്യ 3 സ്ഥാനങ്ങളിൽ എത്തുന്നവർക്ക് യഥാക്രമം ഒരു ലക്ഷം രൂപ , അൻപതിനായിരം രൂപ, ഇരുപത്തയ്യായിരം രൂപ എന്നിങ്ങനെ കാഷ് പ്രൈസ് നൽകുന്നതാണ്. ഇതിനു പുറമേ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 14 പേർക്ക് പതിനായിരം രൂപ വീതം പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നതില് നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്ക് തിരഞ്ഞെടുക്കപ്പെട്ട സ്മരണിക(കൾ) നിർമ്മിക്കുന്നതിന് പരിശീലനം നൽകും.